**ഡിപിആര്‍കെ നടത്തിയ ആണവ പരീക്ഷണത്തെ കുറിച്ചുള്ള പത്രക്കുറിപ്പ്**

സെപ്തംബര്‍ 03, 2017

ഡെമോക്രാറ്റിക് പീപ്പിള്‍സ് റിപ്പബ്ലിക് ഓഫ് കൊറിയ ഇന്ന് പകല്‍ നടത്തിയ ആണവ പരീക്ഷണത്തെ ഇന്ത്യ അപലപിച്ചു

അന്താരാഷ്ട്ര തലത്തില്‍ തങ്ങൾക്കുള്ള ധാര്‍മ്മികബാദ്ധ്യതകളെ ഡിപിആര്‍കെ വീണ്ടും ഒരിക്കല്‍ കൂടി ലംഘിച്ചു എന്നത് വളരെ ഗൌരവമുള്ള കാര്യമാണ് മാത്രമല്ല ഡിപിആര്‍കെ തന്നെ അംഗീകരിച്ച കൊറിയന്‍ ഉപദ്വീപിലെ ആണവ നിര്‍വ്യാപന ലക്ഷ്യങ്ങൾക്കെതിരെ ആണിത്

മേഖലക്കും അതിനപ്പുറത്തേക്കും സമാധാനത്തെയും സ്ഥിരതയേയും ബാധിക്കുന്ന ഇത്തരം ശ്രമങ്ങളില്‍ നിന്നും വിട്ടു നില്‍ക്കുന്നതിന് ഞങ്ങള്‍ ഡിപിആര്‍കെയോട് ആവശ്യപ്പെടുന്നു

ഇന്ത്യയുടെ ദേശീയ സുരക്ഷയെ പ്രതികൂലമായി ബാധിക്കുന്ന മിസൈല്‍ സാങ്കേതിക വിദ്യകള്‍ , ആണവ വ്യാപനം എന്നിവയെ കുറിച്ച് ഇന്ത്യക്ക് ഉത്കണ്ഠയുണ്ട്

ന്യൂ ഡെല്‍ഹി
സെപ്തംബര്‍ 03, 2017